പോലീസ് വകുപ്പ്

കേരളം

**No.H1-5811/2023/DR**

ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
✉spkkdrl.pol@kerala.gov.in
📞04962523031
തീയതി.01-09-2023

**DO No. 525/2023/ഡി ആർ**

വിഷയം : അച്ചടക്ക നടപടി :- ശ്രീ.നിധീഷ്.എം (PEN 112331), CPO 8384 എന്നവർക്കെതിരെയുള്ള വാക്കാലന്വേഷണം - H1/PR-03/2023/DR-പി.ആർ മിനുറ്റ്സിൽ തീർപ്പ് കല്പിക്കുന്നത് -സംബന്ധിച്ച്

സൂചന : 1) ഈ ഓഫീസിലെ 03/02/2023 തിയ്യതിയിലെ H1/5811/2023/DR നമ്പർ നടപടിക്രമം
2) 27/05/2023 തിയ്യതി പോലീസ് ഇൻസ്പെക്ടർ, കണ്ട്രോൾ റൂം സമർപ്പിച്ച പി.ആർ മിനുട്ട്സ്

**ശ്രീ.നിധീഷ്. എം, CPO 8384(PEN 112331)** എന്നയാൾ പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തു വരവേ, ശ്രീമതി.സൽമ എന്നവരുടെ പരാതിയിൽ ഷാഫി എന്നയാൾക്കെതിരെ പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 32/23 U/s 376(2)(4),406,420 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിരുന്നു എന്നും കേസിലെ പ്രതിയായ ഷാഫി എന്നയാൾക്ക് കേസ് രജിസ്റ്റർ ചെയ്ത അന്ന് മുതൽ രഹസ്യ സ്വഭാവമുള്ള ടി കേസിന്റെ വിവരങ്ങൾ ലഭിക്കുന്നുണ്ടെന്നും ഷാഫി എന്നയാൾക്ക് സ്റ്റേഷനിൽ സുഹൃത്തുക്കളുണ്ടെന്നും ഷാഫിയുമായുള്ള സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട ശ്രീ.നിധീഷ്.എം, CPO 8384 എന്നയാൾ മേൽ പരാതിക്കാരിയെ വിളിച്ചിരുന്നു എന്നും ഷാഫിയുടെ സുഹൃത്താണെന്നും വേണ്ട സഹായങ്ങൾ ചെയ്തു തരാമെന്നും പറഞ്ഞിരുന്നു എന്നും കേസിലെ വിവരങ്ങൾ നിധീഷിൽ നിന്നുമാണ് ഷാഫിക്ക് ലഭിക്കുന്നതെന്നുമുള്ള പരാതിയുമായി ബന്ധപ്പെട്ട് പെരുവണ്ണാമൂഴി SHO പരാതിക്കാരി ഹാജരാക്കിയ ഓഡിയോ ക്ലിപ്പ് പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ നിന്നും ശ്രീ.നിധീഷ്.എം, CPO 8384 എന്നയാൾ പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണ് എന്ന് ബോധ്യമായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ശ്രീ.നിധീഷ്.എം, CPO 8384 എന്നയാൾക്കെതിരെ വാക്കാലന്വേഷണം ഉത്തരവിടുകയും, അന്വേഷണം നടത്തി പി.ആർ മിനുറ്റ്സ് സമർപ്പിക്കുന്നതിന് നാദാപുരം കൺട്രോൾ റൂം പോലീസ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്.

വാക്കാൽ അന്വേഷണത്തിന് ശേഷം അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച പി ആർ മിനുറ്റ്സും അനുബന്ധ രേഖകളും ഞാൻ പരിശോധിക്കുകയുണ്ടായി കുറ്റാരോപണ മെമ്മോയിൽ ടിയാനെതിരെ ഉന്നയിക്കപ്പെട്ട കുറ്റം വാക്കാൽ അന്വേഷണത്തിൽ തെളിയുന്നില്ലെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനത്തോട് യോജിച്ച് കൊണ്ട് **ശ്രീ.നിധീഷ്.എം, CPO 8384 എന്നയാളെ കുറ്റവിമുക്തനാക്കി കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.**

26-08-2023
കറുപ്പസാമി.ആർ. ഐ.പി.എസ്,
ജില്ലാ പോലീസ് മേധാവി

H1-5811/2023/DR
4ec604

സ്വീകർത്താവ് : ശ്രീ.നിധീഷ്. എം, CPO 8384(PEN 112331) എന്നവർക്ക് എസ്.എച്ച്.ഓ , വടകര പി.എസ്സ് മുഖാന്തിരം

പകർപ്പ് : 1) എസ്.എച്ച്.ഓ, വടകര പി.എസ്സ് - നടത്തിപ്പിനും, തീയ്യതി വെച്ച് ലക്ഷ്യം വാങ്ങി തിരികെ അയക്കുന്നതിനും

2) അഡീഷണൽ എസ്.പി. (ഭരണം), എ.എ., മാനേജർ, ജൂനിയർ സൂപ്രണ്ടുമാർ, ഹെഡ് ക്ലർക്ക്,സി.എ എന്നിവരുടെ അറിവിലേക്കായി

4) എ1 മുതൽ എ5(B), ബി1, ബി2, ബി3, എഫ് 1 മുതൽ എഫ്5 വരെയുള്ള സെക്ഷനുകൾക്കും അറിവിലേക്കും അനന്തരനടപടികൾക്കുമായി

5) ഡി.ഓ ബുക്ക്, ഡി.ഓ ഫയൽ

Internal Administrative Processing System
iAPS
KERALA POLICE